മി.സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചർച്ച പാടില്ല... അങ്ങ് ഇരിക്കൂ. പ്ലീസ്...(ബഹളം).... ഞാൻ പറയാം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നതിനിടയിൽ (പ്രതിപക്ഷാംഗങ്ങൾ വീണ്ടും പ്രതിപക്ഷനേതാവിന്റെ സീറ്റിനുസമീപം വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

## V റൂളിംഗ്

മി. സ്പീക്കർ : ബഡ്ജറ്റ് അവതരിപ്പിക്കുന്ന ദിവസം അതുമായി ബന്ധപ്പെട്ട ഒരു ചർച്ചയും സഭയിൽ പാടില്ല. മുഖ്യമന്ത്രി എഴുന്നേറ്റ് ഒരുകാര്യം പറയണമെന്ന് ആവശ്യപ്പെട്ടതിനാൽ ചെയർ അനുവദിച്ചതാണ്. അദ്ദേഹത്തോട് പറഞ്ഞപ്പോഴേ അദ്ദേഹം ഇരുന്നു. ചർച്ചയല്ല. ബഡ്ജറ്റ് അവതരിപ്പിക്കുന്ന ദിവസം അതിൻമേലുള്ള ഒരു ചർച്ചയും പാടില്ല എന്നുള്ള റൂളിംഗ് ഞാൻ വീണ്ടും ആവർത്തിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടാൽ സ്വാഭാവികമായും ചെയറിന് അനുവദിക്കേണ്ടി വരും. അദ്ദേഹം ബഡ്ജറ്റിന്റെ മെറിറ്റിലേക്ക് കടന്നില്ല. അദ്ദേഹം കാര്യംപറഞ്ഞ് അവിടെ ഇരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഇവിടെ നടന്ന സമരം ചരിത്രത്തിൽ ആദ്യമാണ്. അത് നിർഭാഗ്യകരമായിപ്പോയി. ...........(ബഹളം)............

മി.സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഇതിനിടയിൽ ഇവിടെ മുദ്രാവാക്യം വിളിക്കിടയിൽ ചില കാര്യങ്ങൾ പറഞ്ഞു............ ഇവിടെ നടന്ന സമരവുമായി ബന്ധപ്പെട്ട കാര്യം മുഖ്യമന്ത്രി പറഞ്ഞുവെന്നല്ലാതെ അദ്ദേഹം ബഡ്ജറ്റിന്റെ മെറിറ്റിലേക്ക് പോയില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. കോടിയേരി ബാലകൃഷ്ണനും ഇവിടെ ബഡ്ജറ്റ് സംബന്ധിച്ച് പത്രങ്ങളിൽ ചില വാർത്തകൾ വന്നതായി പറയുകയുണ്ടായി. ചില പത്രങ്ങൾ അത് പ്രാധാന്യം നൽകി കൊടുക്കുകയുമുണ്ടായി. ഇവിടെ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച ചില പ്രഖ്യാപനങ്ങൾ, ഇന്നത്തെ ചില മാധ്യമങ്ങളിൽ വന്നതിൽ പലതും, ബഡ്ജറ്റ് പ്രസംഗത്തിൽ ഉള്ളതായി ചെയർ കാണുന്നു. മറ്റ് ചില കാര്യങ്ങൾ വന്നതൊക്കെ ചെറിയ സാമ്യങ്ങൾ മാത്രമേയുള്ളൂ. അതുകൊണ്ട് നമ്മുടെ നിയമസഭയിലെ പ്രീസിഡന്റും റൂളിംഗും പാർലമെന്റിലെ റൂളിംഗും എല്ലാം ഞാൻ പരിശോധിച്ചു. ഇത്തരം സന്ദർഭത്തിൽ ഏത് സാഹചര്യത്തിൽ ബഡ്ജറ്റ് പ്രസംഗം ചോർന്നു എന്നതിനെക്കുറിച്ച് അന്വേഷിച്ച് ഗവൺമെന്റ് റിപ്പോർട്ട് നൽകണമെന്നാണ് പാർലമെന്റിലും കേരള നിയമസഭയിലും ഉള്ള റൂളിംഗുകൾ വ്യക്തമാക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ഗവൺമെന്റ് അന്വേഷിച്ച് ഇത് എങ്ങനെ സംഭവിച്ചുവെന്ന് സഭയെ അറിയിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 മാർച്ച് മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.55-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly